Talented Bankers Literary Panel
പുസ്തക പരിചയം 203

പുസ്തകം പരിചയപ്പെടുത്തുന്നത്, ഐശ്വര്യ വിമോഷ്
കാനറാ ബാങ്ക്.

ചങ്ങലകളുടെ മർമ്മരം
രചന : ജോഫി ജോൺ

"പ്രഭാതം പൊട്ടി വിടരുന്നതേ ഉണ്ടായിരുന്നുള്ളൂ. അയാൾ പുറത്തേക്കു നോക്കി ഇരുന്നു. ഇന്നലെ പെയ്ത മഴയുടെ നനവുകൾ ആ മണ്ണിനെ പുണർന്നു കിടക്കുന്നു. വിടർന്നു വരുന്ന സൂര്യൻ ആ മണ്ണിൽ നിന്നും മഴയെ വലിച്ചെടുത്തു കൊണ്ട് പോകുന്നു. വീണ്ടും പേരറിയാത്ത നാട്ടിൽ കറുത്തിരുണ്ട കാർമേഘങ്ങളായി പെയ്ത് തുടങ്ങുന്നു.
അയാൾ ആലോചിച്ചു. മഴ നനയണം. അത് രഹസ്യമായിരിക്കണം. അല്ലേൽ അവർ ഉച്ചത്തിൽ വിളിച്ചു പറയും, "ഭ്രാന്തൻ". "മഴ നനഞ്ഞു നടക്കുന്ന ഭ്രാന്തൻ".

നമ്മുടെ ടാലെന്റെഡ് ബാങ്കർ ആയ ജോഫി ജോൺ എഴുതിയ 'ചങ്ങലകളുടെ മർമ്മരം' 20 'കൊച്ചു' ചെറുകഥകളുടെ ഒരു സമാഹാരമാണ്. ജോഫിയുടെ ആദ്യത്തെ രചനാസംരംഭമാണ് ഈ പുസ്തകമെങ്കിലും മിക്ക കഥകളും നല്ല നിലവാരം പുലർത്തി. മരണത്തിനു മുന്നിൽ അടിയറവ് വെയ്ക്കേണ്ടി വരുന്ന പ്രണയം, അനാഥത്വത്തിന്റെയും ഏകാന്തതയുടെയും വേദന, ഉന്മാദത്തിന്റെ ലഹരി എന്നിവയെല്ലാമാണ് ഈ കഥകൾക്ക് വിഷയമായിട്ടുള്ളത്.
'ട്രെയിൻ' എന്ന കഥയിൽ, മരിച്ചു പോയ തന്റെ മകളെ 10 വർഷങ്ങൾക്കു ശേഷവും തിരഞ്ഞു കൊണ്ടിരിക്കുന്ന ഒരച്ഛന്റെ കഥ പറയുന്നു. തന്റെ തന്നെ ശവശരീരം തേടി നടക്കുന്ന ഒരു വൃദ്ധനെയാണ് ജോഫി 'വൃദ്ധൻ' എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത്. രണ്ടു മക്കളുടെ അച്ഛനായ ഒരാളുടെ ആത്മഹത്യയാണ് 'ഡാം' എന്ന കഥയിലെ വിഷയം.

ഒന്നോ രണ്ടോ പേജിലൊതുങ്ങുന്ന 'ഫ്ലാഷ് ഫിക്ഷൻ' കഥകൾ ആണ് ഈ പുസ്തകത്തിലേത്. മലയാളഭാഷയിൽ അധികം ആരും പരീക്ഷിച്ചിട്ടില്ലാത്ത ഒരു സാഹിത്യമേഖലയാണിതെന്ന് പറയുന്നു ജോഫി. ആമുഖത്തിൽ ജോഫി പറയുന്നു : " മഴയും കോടമഞ്ഞും, ചുരങ്ങളും, കാടും, കാപ്പിപ്പൂക്കളും പൂക്കുന്ന വയനാട്ടിൽ ജോലി ചെയ്തു കൊണ്ടിരുന്നപ്പോൾ പറഞ്ഞു കേട്ട പലരുടെ ജീവിതാനുഭവങ്ങളാണ് ഈ കഥകൾക്ക് പ്രചോദനമായത്." അതുകൊണ്ടു തന്നെ ഈ കഥകളിലെല്ലാം മഴയും കോടമഞ്ഞും ചുരങ്ങളും, ഗുൽമോഹർ മരങ്ങളും, കടൽത്തീരവും, കാടും, കാപ്പിപ്പൂക്കളുമെല്ലാം പശ്ചാത്തലമാകുന്നു. അത് ഈ കഥകളുടെ ആഖ്യാനത്തിന് ഒരു പ്രത്യേകഭംഗി നൽകിയിരിക്കുന്നു.

ആഖ്യാനത്തിലെ ഭംഗി കൊണ്ടും, അവതരണത്തിലെ പുതുമ കൊണ്ടും 'ചങ്ങലകളുടെ മർമ്മരം' നല്ലൊരു വായനാനുഭവം തന്നെ സമ്മാനിക്കുന്നു വായനക്കാർക്ക്.

പ്രസാധകർ : ഡ്രീം ബുക്ക് ബൈൻഡറി
വില : Rs. 120/-